**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി.സുമിത കൃഷ്ണൻ.ഡി യുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. **694/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **23/03/2019**

==========================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.
3) അനങ്ങനടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.09.2016 ലെ എ 3-3173/16 നമ്പർ നടപടി ക്രമം
4) ശ്രീമതി. സുമിത കൃഷ്ണൻ.ഡി യുടെ 23.05.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
5) പഞ്ചായത്ത് ഡയറക്ടറുടെ 03.03.2017, 03.10.2018 എന്നീ തീയതികളിലെ ഇ 5-35338/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി. സുമിത കൃഷ്ണൻ.ഡി യുടെ 23.05.2016 മുതൽ 09.11.2016 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. സുമിത കൃഷ്ണൻ.ഡി, 14.03.2011 ന് സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് അനങ്ങനടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23.05.2016 മുതൽ 31.08.2016 വരേക്ക് അനുവദിച്ച ശൂന്യവേതനാവധി പരാമർശം(3) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ശ്രീമതി. സുമിത കൃഷ്ണൻ.ഡി 23.05.2016 മുതൽ 09.11.2016 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 10.11.2016 തീയതിയിലുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. 10.11.2016 ന് ടിയാൾ ആനക്കര ഗ്രാമപഞ്ചായത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി. സുമിത കൃഷ്ണൻ.ഡി യുടെ 23.05.2016 മുതൽ 09.11.2016 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ആർജ്ജിതാവധിയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി. സുമിത കൃഷ്ണൻ.ഡി, മുൻ സീനിയർ ക്ലാർക്ക്, അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(15.02.2019 ലെ റൂൾസ് ബി2/4/2019/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(106/ഇപിഎ 1/2017/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ